(ബി) ഇക്കാര്യത്തിൽ ടൂറിസം വകുപ്പിനുള്ള പങ്ക് എന്താണ്; ക്ലബ്ബുകൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകുന്നു;

(സി) സ്കൂൾ സിലബസിൽ ടൂറിസത്തെപ്പറ്റിയുള്ള പാഠങ്ങൾ ഉൾപ്പെടുത്തുന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓരോ ക്ലബ്ബിനും പ്രതിവർഷം 2500 രൂപ ധനസഹായം നൽകുന്നുണ്ട്. ഓരോ ജില്ലയ്ക്കും 50,000 രൂപ വീതം ജില്ലാതല പരിപാടികൾക്കുള്ള ധനസഹായം, ഓരോ ജില്ലയ്ക്കും 25,000 രൂപ വീതം ഫെമിലൈസേഷൻ ടൂറിനുള്ള ധനസഹായം, എന്നിവയ്ക്ക് പുറമേ പ്രത്യേക ബോധവൽക്കരണ പദ്ധതികൾ സമർപ്പിക്കുന്ന ക്ലബ്ബുകൾക്ക് അധിക സാമ്പത്തിക സഹായം നൽകുന്ന പുതിയ പദ്ധതി പ്രകാരം ഓരോ ജില്ലയിലെയും 10 ക്ലബ്ബുകൾക്ക് 5,000 രൂപ വീതം ധനസഹായമായി നൽകിവരുന്നു.

(സി) ഉണ്ട്.

കേരളാഹൗസിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

86 [2703] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂഡൽഹിയിലെ കേരളാ ഹൗസിൽ നിന്ന് ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും ലഭ്യമാകുന്ന സേവനങ്ങളും സൗകര്യങ്ങളും എന്തൊക്കെയാണ്;

(ബി) ഇതിനായി നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

(സി) ജീവനക്കാർക്ക് സർവ്വീസ് റൂൾ നിലവിലുണ്ടോ;

(ഡി) ആകെ എത്ര ജീവനക്കാരുണ്ട്; തസ്തിക തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ഇ) സ്ഥിര നിയമനം ലഭിച്ചവരും താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരും എത്ര;

(എഫ്) കേരളാ ഹൗസ് പൂർണ്ണമായും ടൂറിസം വകുപ്പിന് കീഴിലാക്കി പ്രവർത്തനം മെച്ചപ്പെടുത്താനും കൂടുതൽ കാര്യക്ഷമമായ സേവനം ലഭ്യമാക്കുവാനും നടപടി സ്വീകരിക്കുമോ;

(ജി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) കേരളാ ഹൗസിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങളും സൗകര്യങ്ങളും നിലവിലുള്ള സംവിധാനങ്ങളും ചുവടെ കൊടുക്കുന്നു:

1. കേരളത്തിൽ നിന്നുള്ള ജനപ്രതിനിധികൾക്ക് താമസം, ഭക്ഷണം, ഗതാഗതം മുതലായ സൗകര്യങ്ങളും ലഭ്യതയനുസരിച്ച് പൊതുജനങ്ങൾക്ക് താമസസൗകര്യവും ലഭ്യമാക്കുന്നുണ്ട്.

2. ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും സർക്കാർ നിശ്ചയിച്ചിട്ടുള്ള വാടക നിരക്കിൽ കോൺഫറൻസ് ഹാൾ നൽകാറുണ്ട്.

3. കേരളത്തിൽ നിന്നുള്ള എം. പി.-മാർക്ക് ആവശ്യമായ സെക്രട്ടേറിയൽ അസിസ്റ്റൻസ് നൽകുവാനായി ഇന്റർനെറ്റ്, ഫാക്സ്, ഫോൺ എന്നീ സൗകര്യങ്ങളുള്ള ഒരു എം. പി. സെൽ പ്രവർത്തിച്ചു വരുന്നു. ഇവിടെ ഒരു അസിസ്റ്റന്റിന്റെയും ഒരു ടൈപ്പിസ്റ്റിന്റെയും സേവനം ലഭ്യമാണ്.

4. കേന്ദ്ര സർക്കാരിന്റെ വിവിധ മന്ത്രാലയങ്ങളുമായി സംസ്ഥാന സർക്കാരിനും ജനപ്രതിനിധികൾക്കും ബന്ധപ്പെടുന്നതിനായി ലെയ്സൺ വിഭാഗം പ്രവർത്തിക്കുന്നു.

5. മന്ത്രിമാർക്കും മറ്റ് ജനപ്രതിനിധികൾക്കും വേണ്ടി പത്രസമ്മേളനങ്ങൾ സംഘടിപ്പിക്കുക, പത്രക്കുറിപ്പുകൾ ഇറക്കുക, കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യം പ്രതിഫലിപ്പിക്കുന്ന കലാ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക മുതലായവയ്ക്കായി ഒരു ഇൻഫർമേഷൻ ഓഫീസ് പ്രവർത്തിച്ചുവരുന്നു.

6. കേരളത്തിന്റെ ചരിത്രം, സംസ്കാരം, ടൂറിസം, വ്യവസായം, കാർഷികം തുടങ്ങിയ മേഖലകൾ സംസ്ഥാന സർക്കാരിന്റെ വിവിധ പ്രസിദ്ധീകരണങ്ങൾ എന്നിവയെക്കുറിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകിവരുന്നു.

(സി) ജീവനക്കാർക്ക് പ്രത്യേകമായ സർവ്വീസ് റൂൾ ഇപ്പോൾ നിലവിലില്ല.

(ഡി & ഇ) സ്ഥിരനിയമനം ലഭിച്ചവർ-117.

താൽക്കാലിക ജീവനക്കാർ-35.

സ്ഥിരം ജീവനക്കാരുടെയും താൽക്കാലിക ജീവനക്കാരുടെയും തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ് & ജി) കേരളാ ഹൗസിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുവാനും കൂടുതൽ കാര്യക്ഷമമായ സേവനം ലഭ്യമാക്കുവാനുമുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

87 [2704] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ ഘടന എന്താണ്;

(ബി) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ ഏറ്റെടുത്ത് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) ഇതിന്റെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ നിയന്ത്രണത്തിൽ ടൂറിസ്റ്റ് കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനും ടൂറിസ്റ്റ് ഗൈഡുകളെ നിയോഗിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗവേണിംഗ് ബോഡിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും ചേർന്നതാണ് ഡി. ടി. പി. സി.-കളുടെ ഘടന. ഗവേണിംഗ് ബോഡിയിലും എക്സിക്യൂട്ടീവ് കമ്മിറ്റിയിലും എം. എൽ. എ./എം. പി.-മാരുൾപ്പെടെയുള്ള ജനപ്രതിനിധികളും, വിവിധ സർക്കാർ വകുപ്പുകളുടെ പ്രതിനിധികളും ടൂറിസം രംഗത്തെ പ്രമുഖവ്യക്തികളും/സ്ഥാപനങ്ങളുടെ പ്രതിനിധികളും ഉൾപ്പെടുന്നു.

(ബി) ജില്ലാതലത്തിലുള്ള ടൂറിസം പദ്ധതികളുടെ നടത്തിപ്പ്, ഏകോപനം, ടൂറിസം ക്ലബ്ബുകളുടെ പ്രവർത്തനം, ഹോംസ്റ്റേ സംവിധാനത്തിന്റെ ഏകോപനം, വിനോദ സഞ്ചാരത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, ടൂറിസം ബോധവൽക്കരണം, ടൂറിസം പ്രാധാന്യമുള്ള സ്ഥലങ്ങളുടെ ശുചീകരണം മുതലായവയാണ് നടത്തുന്നത്.

2/676/2012—19.

LIBRARY ARCHIVES Kerala Legislative Assembly